# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **403** | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ഇ-വേ ബിൽ സമ്പ്രദായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ ഫെബ്രുവരി ഒന്നിന് നടപ്പാക്കേണ്ടിയിരുന്ന ഇ-വേ ബിൽ സമ്പ്രദായം ഇനിയും സംസ്ഥാനത്ത് പ്രാവർത്തികമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചരക്കുസേവനനികുതിയുടെ ഭാഗമായി അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ-വേ ബിൽ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കികൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2 ന് പുറപ്പെടുവിച്ചു. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോഴും നിലവിലുണ്ട്. |
| (ബി) | അതിർത്തി ചെക്ക്പോസ്റ്റുകളിലും മറ്റും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓട്ടോമാറ്റിക് നമ്പർപ്ലേറ്റ് ക്യാമറകളുമായി ഇ-വേ ബില്ലുകളെ ബന്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) യും (സി) യും | ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. |
| (സി) | എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;പദ്ധതി എന്നത്തേക്ക് നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ